പത്രക്കുറിപ്പ്

# ആറ്റുകാൽ പൊങ്കാല ഉത്സവം : ഭക്തജനങ്ങൾ കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കണം

# യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലെ പ്രതികൾ പിടിയിൽ

# ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥയ്ക്ക് നേരെ ആക്രമണം : പ്രതി പിടിയിൽ

തിരുവനന്തപുരം :- ആറ്റുകാൽ പൊങ്കാല ഉത്സവം ആരംഭിച്ച ദിവസം മുതൽ ക്ഷേത്രദർശനത്തിന് വളരെ തിരക്ക് അനുഭവപ്പെടുന്നതിനാൽ കോവിഡ് രോഗവ്യാപന സാധ്യത കണക്കിലെടുത്ത് ഭക്തജനങ്ങൾ സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ക്ഷേത്രദർശനത്തിന് എത്തുന്ന ഭക്തജനങ്ങൾ കൃത്യമായ സാമൂഹിക അകലം പാലിക്കേണ്ടതും മാസ്ക് ധരിക്കുകയും കൈകൾ സൈനിറ്റൈസ് ചെയ്യേണ്ടതുമാണ്. കോവിഡ് പശ്ചാത്തലത്തിൽ ഈ വർഷത്തെ പൊങ്കാല ക്ഷേത്രത്തിലെ പണ്ടാര അടുപ്പിൽ മാത്രമായി തീരുമാനിച്ചിരിക്കുന്നതിനാൽ ഭക്തജനങ്ങൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച കൊണ്ട് അവരവരുടെ വീട്ടിൽ തന്നെ പൊങ്കാല ഇടേണ്ടതാണ്. റോഡുകളിലും വഴികളിലും ഊടുവഴികളിലും അടുപ്പ് കൂട്ടുന്നതും പൊങ്കാല ഇടുന്നതും കൊതുമ്പ്, ചൂട്ട്, ചുടുകല്ല് എന്നിവയുടെ

കച്ചവടം നടത്തുന്നതും അനുവദിക്കുന്നതല്ല. അതുപോലെ ഈ വർഷം ആചാരപരമായ കുത്തിയോട്ടം ക്ഷേത്രം വകയായ പണ്ടാര ഓട്ടം മാത്രമായും പരിമിതപ്പെടുത്തിയിട്ടുണ്ട്. ഉത്സവത്തോട് അനുബന്ധിച്ചുള്ള വിളക്കുകെട്ട് ഘോഷയാത്രകളും ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് മൈക്ക് സെറ്റുകൾ പ്രവർത്തിപ്പിക്കുന്നതും തെരുവ് വീഥികളിൽ ഭക്ഷണപാനീയങ്ങൾ വിതരണം ചെയ്യുന്നതും അനുവദിക്കുന്നതല്ല. വീടുകളിൽ പൊങ്കാല ഇടുന്നവർ രോഗവ്യാപന സാധ്യത കണക്കിലെടുത്ത് പുറമെ നിന്നുള്ള ബന്ധുമിത്രാധികളെ വീട്ടിലേയ്ക്ക് ക്ഷണിച്ചു വരുത്താതിരിക്കുന്നതും സമൂഹപൊങ്കാല ഒഴിവാക്കുന്നതും അഭിലഷണീയമാണ്. പൊങ്കാല ഇട്ടശേഷം ഭക്തർ ക്ഷേത്രത്തിലേയ്ക്ക് കൂട്ടമായി എത്താതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്. പൊങ്കാല ദിവസം രാത്രി ക്ഷേത്രത്തിൽ നിന്നും തിരിക്കുന്ന എഴുന്നള്ളിപ്പ് മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി അന്നേ ദിവസം തന്നെ ക്ഷേത്രത്തിൽ തിരികെ പ്രവേശിക്കുന്നതാണ്. അതോടൊപ്പം എഴുന്നള്ളിപ്പ് കടന്നു വരുന്ന വഴികളിലും ജംഗ്ഷനുകളിലും ഭക്തജനങ്ങൾ കൂട്ടം കൂടുന്നതും ഒഴിവാക്കേണ്ടതാണ്. പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട എല്ലാ ചടങ്ങുകളിലും കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്നും ആൾക്കൂട്ടം ഒഴിവാക്കി പൊതുജനങ്ങൾ സുരക്ഷാ ക്രമീകരണങ്ങളോട് സഹകരിക്കണമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

## <u>യുവാവിനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലെ പ്രതികൾ പിടിയിൽ</u>

തിരുവനന്തപുരം :- യുവാവിനെ കല്ല് കൊണ്ട് തലയ്ക്കടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലെ രണ്ടു പ്രതികളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ചെറുവയ്ക്കൽ കട്ടേല ഞാറമൂട് സുമി വിലാസത്തിൽ സുജിത് (25), ചെറുവയ്ക്കൽ കട്ടേല ഞാറമൂട് സുമി വിലാസത്തിൽ കീരിക്കുട്ടൻ എന്ന് വിളിക്കുന്ന സുബീഷ് (32) എന്നിവരെയാണ് ശ്രീകാര്യം പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ജനുവരി 1-നാണ് കേസ്സിനാസ്പദമായ സംഭവം നടന്നത്. ശ്രീകാര്യം ചെറുവയ്ക്കൽ കട്ടേല സ്വദേശി 31 വയസ്സുള്ള വിഷ്ണുവിനെ പുലർച്ചെ 02.00 മണിയ്ക്ക് പ്രതികൾ ഇരുവരും ചേർന്ന് ക്രൂരമായി മർദ്ദിച്ചും കല്ല് കൊണ്ട് തലയ്ക്കടിച്ചും കൊലപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. ന്യൂ ഇയർ ആഘോഷത്തിന്റെ ഭാഗമായി യുവാവിന്റെ വീടിന്റെ മുൻവശത്ത് പാട്ട കൊട്ടി ബഹളം വച്ചത് ചോദ്യം ചെയ്തതിലുള്ള വിരോധത്താലാണ് പ്രതികൾ ആക്രമണം നടത്തിയത്. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികളെ ശ്രീകാര്യം എസ്.എച്ച്.ഒ മഹേഷ് പിള്ളയുടെ നേതൃത്വത്തിൽ എസ്.ഐ ബിനോദ് കുമാർ,



ശ്രീകാര്യം പോലീസ് അറസ്റ്റു ചെയ്ത
സുജിത് (25), സുധീഷ് (32)

എ.എസ്.ഐ അനിൽകുമാർ, സി.പി.ഒ-മാരായ അനിൽകുമാർ, പ്രശാന്ത് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥയ്ക്ക് നേരെ ആക്രമണം : പ്രതി പിടിയിൽ

തിരുവനന്തപുരം :- ആരോഗ്യവകുപ്പിലെ വനിതാ ഫീൽഡ് സ്റ്റാഫിനെ ആക്രമിച്ച പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വിഴിഞ്ഞം ടൗൺഷിപ്പ് കോളനിയിൽ താമസം ഹബീബ് (24)-നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്. വിഴിഞ്ഞം ആമ്പൽക്കുളം ഭാഗത്ത് വച്ച് ആരോഗ്യവകുപ്പിലെ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ഫീൽഡ് സ്റ്റാഫിനെയാണ് ശനിയാഴ്ച രാവിലെ ഭവനസന്ദർശനത്തിന് പോകവെ മയക്കുമരുന്ന് ഉപയോഗിച്ചിരുന്ന പ്രതി ആക്രമിച്ച് കടന്നുകളഞ്ഞത്.



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത ഹബീബ് (24)

പരാതിയുടെ അടിസ്ഥാനത്തിൽ കേസ്സ് രജിസ്റ്റർ ചെയ്യുകയും രാത്രിയോടു കൂടി പൂവാർ ബസ്സ് സ്റ്റാൻഡിന് സമീപത്ത് നിന്നും പ്രതിയെ പിടികൂടുകയും ചെയ്തു. അറസ്റ്റ് ചെയ്ത സമയം പോലീസിന് നേരെയും അക്രമത്തിന് തുനിഞ്ഞ ഇയാളെ ബലപ്രയോഗത്തിലൂടെയാണ് കീഴ്പ്പെടുത്തിയത്. വിഴിഞ്ഞം എസ്.ഐ ശ്രീജിത്, സി.പി.ഒ-മാരായ കൃഷ്ണകുമാർ, അജികുമാർ,

സുധീർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. ഇയാളുടെ പേരിൽ വിഴിഞ്ഞം സ്റ്റേഷനിൽ നിരവധി ക്രിമിനൽ കേസ്സുകൾ നിലവിലുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി
21-02-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി